സംസ്ഥാന ജീവനക്കാരുടെ പ്രോവിഡൻറ് ഫണ്ട് ക്രെഡിറ്റ് കാർഡ്

* 50. [50] ശ്രീ. വി. സുരേന്ദ്രൻപിള്ള :
,, പി. സി. ജോർജ് :
,, വി. വി. ജോസഫ് :
,, ടി. എസ്. ജോൺ :
,, ഇ. ജെ. ലൂക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെ പ്രോവിഡൻറ് ഫണ്ട് ആനുവൽ ക്രെഡിറ്റ് കാർഡ് 1983-84 വർഷത്തിൽപോലും കൃത്യമായി ലഭിച്ചിട്ടില്ലെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ അനാസ്ഥ പരിഹരിക്കാൻ എന്തു നടപടിയാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) മറ്റു സംസ്ഥാനങ്ങളിലെ പോലെ സംസ്ഥാന ഗവൺമെൻറ് ജീവനക്കാരുടെ പ്രോവിഡൻറ് ഫണ്ട് സംസ്ഥാന ഗവൺമെൻറ് നേരിട്ടു കൈകാര്യം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) സംസ്ഥാന ജീവനക്കാരുടെ 1983-84 വർഷത്തെ പ്രോവിഡൻറ് ഫണ്ട് ക്രെഡിറ്റ് കാർഡ് വിതരണം പൂർത്തിയായതായി അക്കൗണ്ടൻറ് ജനറൽ അറിയിച്ചിരിക്കുന്നു. 11-8-1986-ൽ ഒരു പത്രക്കുറിപ്പുമൂലം ആ വിവരം എല്ലാ ജീവനക്കാരേയും അറിയിച്ചിട്ടുണ്ട്.

(ബി) പ്രോവിഡൻറ് ഫണ്ട് ക്രെഡിറ്റ് കാർഡ് വിതരണത്തിലുള്ള കാലതാമസം ഗവൺമെൻറ് അക്കൗണ്ടൻറ് ജനറലിൻെറ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. സ്റ്റാഫിൻെറ കുറവും ജോലിക്കൂടുതലും കൊണ്ടാണ് ക്രെഡിറ്റ് കാർഡ് വിതരണത്തിൽ താമസം നേരിട്ടിരിക്കുന്നതെന്ന് അക്കൗണ്ടൻറ് ജനറൽ അറിയിച്ചിരിക്കുന്നു. 1983-ലെ ശമ്പള പരിഷ്കരണം, അതിനോടനുബന്ധിച്ചുള്ള പെൻഷൻ പുനർ നിർണ്ണയം, 1-4-1964-നു മുമ്പ് മരിച്ചുപോയ ഉദ്യോഗസ്ഥൻമാരുടെ കുടുംബത്തിനു നൽകുന്ന പെൻഷൻ എന്നിവ സംബന്ധിച്ച ജോലിക്കൂടുതലാണ് അക്കൗണ്ടൻറ് ജനറൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കാലതാമസം ഒഴിവാക്കാനായി രണ്ടു കൊല്ലത്തെ പ്രോവിഡൻറ് ഫണ്ട് അക്കൗണ്ടുകൾ സംബന്ധിച്ച ജോലി തീർക്കുവാൻ സമാന്തര പ്രോവിഡൻറ് ഫണ്ട് സെക്ഷനും ഉണ്ടാക്കുവാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നതായും അക്കൗണ്ടൻറ് ജനറൽ അറിയിച്ചിട്ടുണ്ട്.

(സി) സംസ്ഥാന ജീവനക്കാരുടെ പ്രോവിഡൻറ് ഫണ്ട് കൈകാര്യം ചെയ്യുന്ന ചുമതല സംസ്ഥാന ഗവൺമെൻറ് അക്കൗണ്ടൻറ് ജനറലിൽനിന്നും ഏറ്റെടുക്കുന്നത് സംബന്ധിച്ച് അദ്ദേഹത്തിൻെറ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തിൻെറ ഓവർഡ്രാഫ്റ്റ്

* 51. [51] ശ്രീ. പി. സീതിഹാജി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന ഗവൺമെൻറിന് ഇന്ന് നിലവിലുള്ള ഓവർഡ്രാഫ്റ്റ് തുക എത്രയാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

സംസ്ഥാന ഗവൺമെന്ററിന് ഇന്ന് ഓവർഡ്രാഫ്റ്റ് ഒന്നുംതന്നെ നിലവിലില്ല.

നാളികേര കൃഷിക്കാരെ സഹായിക്കാൻ നടപ്പിലാക്കിയ പദ്ധതികൾ

* 52 [52] ശ്രീ. കെ. കെ. ബാലകൃഷ്ണൻ :
ശ്രീമതി റേയിച്ചൽ സ്പ്പി പനവേലി :
ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ :
,, വി. സി. കബീർ :
,, എ. വി. അബ്ദു റഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേര കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി ഈ ഗവൺമെൻറ് ആവിഷ്ക്കരിച്ചു നടപ്പിലാക്കിയ പദ്ധതികളേതെല്ലാം ;

(ബി) സംസ്ഥാനത്ത് നാളികേര കൃഷി വികസനത്തിന് സർക്കാർ എന്തെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. തെങ്ങുരോഗം ബാധിച്ച് ഉൽപാദന ക്ഷമത നശിച്ച തെങ്ങുകളുടെ പുനരധിവാസത്തിനുള്ള വിപുലമായ പദ്ധതി.

2. തെങ്ങിൻ തോട്ടങ്ങൾക്ക് ജലസേചനം നൽകുന്നതിനുള്ള പദ്ധതി.

3. തെങ്ങിന് ശാസ്ത്രീയാടിസ്ഥാനത്തിലുള്ള രാസവള പ്രയോഗം പ്രചരിപ്പിക്കുന്നതിനുള്ള പദ്ധതി.

4. നാളികേരത്തിനു ന്യായമായ വില ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള കൊപ്രാ സംഭരണ പദ്ധതി.

(ബി) ഉണ്ട്.

(സി) നാളികേരത്തിന്റെയും നാളികേര ഉൽപന്നങ്ങളുടെയും സംഭരണം, സംസ്ക്കരണം വിപണനം എന്നിവ നവീകരിക്കുന്നതിനും ഈ രംഗത്തുള്ള പ്രവർത്തനങ്ങൾ സഹകരണാടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് പുനസംഘടിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു കരടു പദ്ധതി തയ്യാറാക്കി ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്.

റയിൽവേ വൈദ്യുതീകരണം

* 53 [53] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതെങ്കിലും റയിൽവേ ലൈൻ വൈദ്യുതീകരിക്കാൻ ഉദ്ദേശിക്കുന്നതായി അറിയാമോ ;

LIBRARY ARCHIVES Kerala Legislative Assembly